(സി) ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഇന്നത്തെ നടപടിക്രമങ്ങൾ അനുസരിച്ച് നിർവ്വാഹമില്ല.

കാമധേനു ഇൻഷ്വറൻസ് പദ്ധതി

187 (189) ശ്രീ. പി. രാജു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാമധേനു ഇൻഷ്വറൻസ് പദ്ധതിപ്രകാരം എത്ര കന്നുകാലികളേയും അവയുടെ ഉടമകളേയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കാമധേനു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന ഏജൻസികൾ ഏതെല്ലാം ;

(സി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനം തൃപ്തികരമാണോ ;

(ഡി) ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാമധേനു ഇൻഷ്വറൻസ് പദ്ധതിപ്രകാരം നാളിതുവരെ 97,361 കന്നുകാലികളേയും 1,58,546 ഉടമകളും അവരുടെ കുടുംബാംഗങ്ങളേയും ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി) യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവർ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി&ഡി) തൃപ്തികരമാണ്. എങ്കിലും കൂടുതൽ കർഷകരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾ വഴി പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.

പച്ചപ്പുൽ കൃഷി വികസനം

188 (190) ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ചപ്പുൽകൃഷി വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികൾ പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് പുൽകൃഷി പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കന്നുകാലികൾക്ക് ആവശ്യമുള്ള പച്ചപ്പുല്ല് പൂർണ്ണമായും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) ഫോഡർ നഴ്സറി സ്ഥാപിക്കുക, ഇടവിളയായി പുൽകൃഷി ചെയ്യുവാൻ ആവശ്യമായ വിത്തും വളവും നൽകുക, ഹ്രസ്വകാല ഫോഡർ വിളകൾ പ്രോത്സാഹിപ്പിക്കുക, ജലസേചന സൗകര്യത്തോടുകൂടി പുൽകൃഷിതോട്ടങ്ങൾ സ്ഥാപിക്കുക, വിവിധ തരത്തിലുള്ള പുൽവർഗ്ഗങ്ങളുടെ വിത്ത് വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) സംസ്ഥാനത്ത് 6841.5 ഹെക്ടർ സ്ഥലത്ത് പുൽകൃഷി വികസന പരിപാടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സ്ഥല ലഭ്യതയിൽ സംസ്ഥാനം നേരിടുന്ന പരിമിതകൾക്കുള്ളിൽ നിന്നുകൊണ്ട് പുൽകൃഷി പരമാവധി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ബുദ്ധിമുട്ടുകൾ

189 (191) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൊബൈൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സ്കീമിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവരുടെ വാഹനചാർജ്ജ് റീഇംപേഴ്സ് ചെയ്തിട്ടുണ്ടോ ; സെന്ററുകളുടെ സമയത്തിൽ ഏകീകൃത സ്വഭാവം അടിയന്തിരമായി ഉണ്ടാക്കുമോ ;

(സി) ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാരുടെ സേവനകാലം സർവ്വീസായി അംഗീകരിക്കുന്നതിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഫീൽഡ് ഓഫീസർമാർക്ക് ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly